

സൗന്ദര്യശ്രേഷ്ഠനായ മോർ ഏലിയാസ് ബാവ അങ്ങേക്ക് സമാധാനം.സങ്കടപ്പെടുന്നവർക്ക് സഹായങ്ങളെ ചൊരിഞ്ഞു കൊടുക്കുന്ന വലിയ ഭണ്ഡാരം അങ്ങാകുന്നു.കർത്താവ് തൻെറ സത്യവാഗ്ദത്ത പ്രകാരം നിന്നിലും നീ അവനിലും വസിക്കുന്നു.ദൈവത്തിൻെറ വിശ്വസ്ത കാവൽക്കാരാ പാപികളായ ഞങ്ങൾ കരുണകൾക്കും, പാപമോചനത്തിനും യോഗ്യരായി തിരുവാനായിട്ടും, അങ്ങയുടെ പുണ്യാവസ്ഥയിൽ സാദൃശ്യപ്പെടുവാനുമായിട്ട് ഇപ്പോഴും, എല്ലായ്പ്പോഴും ഞങ്ങൾക്കുവേണ്ടി തമ്പുരാനോട് അപേഷിക്കേണമേ...

*We meditate on the glory of the Creator;*
*Who has created the Universe;*
*Who is worthy of Worship;*
*Who is the embodiment of Knowledge and Light;*
*Who is the remover of all Sin and Ignorance;*
*May he enlighten our Intellect.*


ST.PETER'S JACOBITE SYRIAN ORTHODOX CHURCH

KINGDOM OF BAHRAIN

The Offical Church Bulletin

February 2011


for circulation among church members only



Rev.Fr.Thomas Nediapalackal (Vicar)

### യേശു അഭിമുഖീകരിച്ച പരീക്ഷ (മത്താ 4:1-11)

പ്രതിമയും രാജകുമാരിയും എന്ന പത്മരാജന്റെ നോവലിൽ ഒരു തമാശകോട്ടയിലെ പ്രതിമയെ അവതരിപ്പിക്കുന്നുണ്ട്.വിനോദസഞ്ചാരികളുടെ പറുദീസയാണ് തമാശകോട്ട. എല്ലാ ആധുനീക സൗകര്യങ്ങളുമുള്ള കോട്ടയിലെ പ്രധാന ആകർഷണം,അതിന്റെ പ്രവേശന കവാടത്തിലുള്ള ഒരു പ്രതിമയാണ്.അസാമാന്യ ശരീരവടിവുള്ള ഈ പ്രതിമ ഒരു ജീവനുള്ള മനുഷ്യൻ തന്നെയാണ്. ജീവനുണ്ടെങ്കിലും യാതൊരു ചലനവുമില്ലാതെ നില്ക്കുന്ന ആ മനുഷ്യനെ ഒന്നു ചലിപ്പിയ്ക്കാൻ പലരും കിണഞ്ഞു പരിശ്രമിച്ചെങ്കിലും ആരും വിജയിച്ചില്ല. ആഹാരമൊ പണമൊ അയാളുടെ ശ്രദ്ധയെ ആകർഷിച്ചില്ല. ആ രാജ്യത്തിലെ സുന്ദരിയായ രാജകുമാരിയുടെയും തോഴിമാരുടെയും സൗന്ദര്യത്തിനും പ്രതിമയെ ആകർഷിക്കാനായില്ല. പ്രതിമയായ ആ മനുഷ്യന്റെ ജീവിതാഭിലാഷമായ സ്വർഗ്ഗദ്വീപിൽ കൊണ്ടുപോകാമെന്നു പറഞ്ഞിട്ടുപോലും യാതൊരു ചലനവുമില്ലാതെ അയാൾ നിലകൊണ്ടു. തന്നെ ഏല്പിച്ചിരിയ്ക്കുന്ന ദൗത്യനിർവ്വഹണത്തിനുവേണ്ടി സകലവിധത്തിലുള്ള പ്രലോഭനങ്ങളെയും അതിജീവിയ്ക്കുന്ന പ്രതിമയെയാണ് നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നത്.

ഇത് പത്മരാജന്റെ വെറുമൊരു സാങ്കല്പിക കഥയാണ്. എന്നാൽ ഇതാ യേശുവിന്റെ യഥാർത്ഥ അനുഭവം!യോഹന്നാനിൽ നിന്നും സ്നാനം ഏററ് പരിശുദ്ധാത്മാവ് നിറഞ്ഞ് ദൈവരാജ്യം സ്ഥാപന ലക്ഷ്യവുമായി 40 രാവും 40 പകലും മരുഭൂമിയിൽ ഉപവസിച്ച് ശക്തി നേടി ഇറങ്ങി തിരിക്കാൻ ഒരുങ്ങുന്ന യേശുവിന്റെ പരീക്ഷണങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്കും പ്രകാശം നല്കുന്നവയാണ്.

യേശുവിനുണ്ടായ പരീക്ഷയെ സൂചിപ്പിയ്ക്കുവാൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് "പെയ്റാസെയ്ൻ' (Peirazein) എന്നതാണ്. പരീക്ഷയ്ക്കും അപ്പുറമായ അർത്ഥമുണ്ട്. ഈ പരീക്ഷ നമ്മെ പാപികളാക്കുന്നതിനു വേണ്ടിയല്ല. പാപത്തെ കീഴടക്കുന്നതിനുവേണ്ടിയാണ്. നമ്മെ കൂടുതൽ ശക്തീകരിയ്ക്കുന്നതിനുവേണ്ടിയാണ് അബ്രാഹാമിനെ ദൈവം പരീക്ഷിക്കുന്നതായി പഴയ നിയമത്തിൽ പറയുന്നത്. ഇതിന് ഉദാഹരണമാണ് (ഉല്പ:22). അതുകൊണ്ടുതന്നെ ഇത് പ്രലോഭനമല്ല, കൂടുതൽ ശക്തീകരിയ്ക്കുന്നതിനുള്ള പരീക്ഷയാണ്.

യേശു മരുഭൂമിയിൽ ചിലവഴിച്ച സമയം പ്രാർത്ഥനയുടെയും പരിശോധനയുടെയും സമയമായിരുന്നു(4:1).കൂടുതൽ ഭൗതീക സ്വഭാവമുള്ള മശിഹായായി പ്രത്യക്ഷപ്പെടുവാൻ യേശു പരീക്ഷിക്കപ്പെടുകയാണ്. ഈ ലോകത്തിലെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന മശിഹായെയാണ് സാദൂക്യർ പ്രതീക്ഷച്ചത്. എന്നാൽ പരീശൻമാർക്ക് വേണ്ടിയിരുന്നത് അമാനുഷികശക്തി വെളിപ്പെടുത്തുന്ന മശിഹായേയും(4:6). അതേസമയം ഹെരോദ്യർ,കുറേകൂടി രാഷ്ട്രീയവും സൈനീകവുമായ രീതിയിലുള്ള മശിഹായെ(4:9) വിഭാവനം ചെയ്തിരുന്നു. ഇവയ്യെല്ലാം അതീതമായി തന്റെ വിളിയുടെ വെളിച്ചത്തിലും ഇവയിൽ അന്തർഭവിച്ചിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെ പശ്ചാതലത്തിലുമാണ് യേശു പരീക്ഷകളെ നേരിടുന്നത്.ദൈവം മോശയ്ക്ക് കൊടുത്ത കല്പനകൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു സാത്താനെ അഭിമുഖീകരിക്കുന്നത് (ആവ.8:3,6,16;6:13).

മൂന്നുവിധ പരീക്ഷണങ്ങൾ യേശുവിനുണ്ടാകുന്നു

1.പരീക്ഷകൻ-""നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിതീരുവാൻ കല്പിക്ക''.

യേശു : ""മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു''.(ആവർത്ത8:3)

യേശു ദൈവപുത്രനെന്നു വെളിപ്പെടുകയും തന്റെ ദൗത്യ നിർവ്വഹണത്തിനായി ഉപവാസത്തിലൂടെ തയ്യാറെടുപ്പു നടത്തിയിരിക്കുന്ന സന്ദർഭമാണ്. ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും നല്കപ്പെട്ടിരിക്കുന്നു. യേശുവിന് ഉപവാസത്തിനു ശേഷം വിശന്നിരിക്കുന്ന പരീക്ഷകന് ഉചിതമായ സന്ദർഭം.

യേശു വചനം കൊണ്ടുതന്നെ മറുപടി നല്കുകയാണ്. ദൈവത്താൽ നല്കപ്പെട്ടിട്ടുള്ള ശക്തികളും അധികാരങ്ങളും സ്വന്തതാൽപര്യത്തിനുവേണ്ടി ഉപയോഗിക്കുവാൻ യേശു തയ്യാറായിരുന്നില്ല. നമുക്കും ദൈവീകമായി നല്കപ്പെട്ടിട്ടുള്ള, നല്കപ്പെടുന്ന സ്ഥാനങ്ങൾ മുഖാന്തിരമുള്ള അധികാരങ്ങളും ശക്തികളും നമ്മുടെ വ്യക്തിപരമായ സ്വാർത്ഥ തൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനുള്ളതല്ലല്ലോ!

2 പരീക്ഷകൻ: അവനെ വിശുദ്ധ നഗരത്തിൽ കൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൻമേൽ നിർത്തി അവനോട്:

"നീ ദൈവപുത്രനെങ്കിൽ താഴോട്ട് ചാടുക - നിന്നെ കുറിച്ചു അവൻ തന്റെ ദൂതൻമാരോടു കല്പിക്കും: അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്റെ കയ്യിൽ താങ്ങി കൊള്ളും''(സങ്കീ:91:11,12)

Message

യേശു:- "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു എന്നുകൂടെ എഴുതിയിരിക്കുന്നു''. (ആവ:6:16)

ദേവാലയത്തിന്റെ മുകളിൽ നിന്നും താഴേയ്ക്കു ചാടിയിട്ടും ഒന്നും പററാതെ അത്ഭുതകരമായി ദൈവം സംരക്ഷിക്കും എന്ന കാര്യം വളരെ സെൻസേഷൻ ഉണ്ടാക്കുന്ന കാര്യമാണ്.അധികാരവും സ്ഥാന വുമുള്ളവർക്ക് ജനമദ്ധ്യേ പ്രസിദ്ധരാകുക എന്നത് ഏറെ പ്രലോഭനമുണ്ടാക്കുന്ന കാര്യമാണ്.ഇവിടെ മുകളിൽ നിന്നു താഴോട്ട് ചാടുന്നതിന് മററു യാതൊരു ഉദ്ദേശലക്ഷ്യങ്ങളുമില്ല.പ്രസിദ്ധിയാണ് ലക്ഷ്യം. മാത്രമല്ല ദൈവത്തിന്റെ വാഗ്ദാനത്തെ, അല്ലെങ്കിൽ ശക്തിയെ പരീക്ഷിക്കുകയാണ്.ദൈവം നമ്മുടെ പരിപാലകനാണ്. സംരക്ഷകനാണ്. അത് ദൈവത്തിന്റെ വാഗ്ദാനമാണ്. അതിസാഹസി കതയുലൂടെ അത് പരീക്ഷിച്ചറിയാനുള്ളതല്ല.

3. പരീക്ഷകൻ: അവനെ ഉയർന്നൊരു മലമേൽ കൂട്ടികൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളും അവയുടെ മഹത്വത്തെയും കാണിച്ചു:

" വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം.''

യേശു :- സാത്താനെ എന്നെ വിട്ടു പോ; " നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവു'' എന്നു എഴുതിയിരിക്കുന്നല്ലോ (ആവ:6:13).

ഇവിടെ പരീക്ഷകൻ ലൗകീക സമ്പത്തും സൗഭാഗ്യങ്ങളുമായി പ്രലോഭിപ്പിക്കുന്നു. ദൈവകല്പന കളെ വിസ്മരിച്ചുകൊണ്ട് അനീതിയുടെയും അധർമ്മത്തിന്റെയും മാർഗ്ഗങ്ങൾ സമ്പത്തിനും സുഖസൗകര്യങ്ങൾക്കുവേണ്ടി, അവലംഭിക്കുമ്പോൾ സാത്തനെ നമസ്കരിക്കുകയാണ് ചെയ്യുന്നത്. ദൈവത്തെക്കാളധികം ജീവിതപങ്കാളി, മക്കൾ, ഉദ്യോഗം, സമ്പത്ത്, സുഖസൗകര്യങ്ങൾ, സ്ഥാന മാനങ്ങൾ, മററു സൗകര്യങ്ങൾ, ലൗകീക സുഖങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നല്കുമ്പോൾ സാത്താനെ നമ്മൾ നമസ്കരിക്കുന്നു.

ഇവിടെ ഏറെ ചിന്തനീയമായിട്ടുള്ളത് പരീക്ഷകൻ യേശുവിനെ പ്രലോഭിപ്പിക്കുന്നത് വേദവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്. അവന് ദൈവവചനം അത്രയും സുവ്യക്തമായി അറിയാം. അതുകൊണ്ടുതന്നെ വേദവാക്യങ്ങൾ മററുള്ളവർ പരാമർശിക്കുമ്പോൾ എത്രയും ശ്രദ്ധയോടും വിവേചനത്തോടും നാം ശ്രദ്ധിക്കണം എന്നതിന്റെ പ്രാധാന്യം ഏറുന്നു. ഇവിടെയാണ് പൂർവ്വിക പിതാക്കൻമാരുടെ വ്യാഖ്യാനങ്ങളുടെ പ്രസക്തി. എന്തിനും ഏതിനും ഇന്റർനെററ് ആശ്രയിക്കുമ്പോൾ, ബൈബിൾ പഠനത്തിൽ, സിറിയൻ ഓർത്തഡോക്സ് അല്ലെങ്കിൽ കാത്തലിക്ക് വിശ്വാസം വേദ പഠനങ്ങൾക്ക് പ്രാമുഖ്യം നല്കേണ്ടതാണ്.

പരീക്ഷകൻ യേശുവിനെ പരീക്ഷച്ചത് അദ്ദേഹന്റെ മനസ്സിലൂടെ കടന്നു പോയ ചിന്തകളായിട്ടായിരിക്കാം. എന്നാൽ ആളത്വമായി വന്നു എന്നു ചില പിതാക്കൻമാർ പറയുന്നതിനു കാരണം, മാലാഖമാർ അതിനുശേഷം അദ്ദേഹത്തെ ശുശ്രൂഷിച്ചു എന്നുള്ളതാണ്. ചിലപ്പോൾ നാം പരീക്ഷിക്കപ്പെടുന്നത് നമുക്ക് പ്രിയപ്പെട്ടവരുടെ, നാം ആരാധനയോടെ കാണുന്നവരുടെ ഉപദേശങ്ങളിലൂടെയായിരിക്കാം. യേശുവിനോട് തങ്ങളെ വിട്ടു പോകരുതെ എന്നു പറഞ്ഞുകൊണ്ട് തന്റെ ദൗത്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന പത്രോസിനോട് യേശു പറയുന്നത് " സാത്താനെ എന്നെ വിട്ടു പോ'' എന്നാണ്. എന്തിനും ഏതിനും ദൈവത്തിന് പ്രാമുഖ്യം നല്കി കൊണ്ടുള്ള വീക്ഷണമാണ് അനിവാര്യം.

ദൈവവുമായുള്ള ദൃഢബന്ധത്തിൽ കഴിയുന്നവർക്ക് ഇത്തരത്തിൽ പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ സാത്താൻ ഹവ്വായെ പരീക്ഷിക്കുന്നത് ഇവിടെ സ്മരണീയമാണ്. സ്വന്തം ഭാര്യയാണ് ആദാമിനെ വഴിത്തെററിക്കുന്നത്. നമുക്ക് പരീക്ഷയുണ്ടാകുന്നതിന് കാരണമായി വി.ക്രിസോസ്റ്റം പറയുന്നത,

1. നാം കൂടുതൽ ശക്തി പ്രാപിച്ചിരിക്കുന്നു എന്ന ബോധ്യം ഉണ്ടാകുവാൻ
2. നാം പ്രാപിച്ച നൽവരങ്ങളുടെ മാഹാത്മ്യം മൂലം നാം നിഗളിക്കാതിരിക്കാൻ
3. അതുമൂലം നാം കൂടുതൽ ശക്തരാകുവാൻ
4. നമ്മെ ഏൽപ്പിച്ചിരിക്കുന്ന നിക്ഷേപത്തിന്റെ അടയാളമാകുവാൻ.

യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ സമ്മതിച്ചതെന്തിന് എന്ന ചോദ്യത്തിന് ഉത്തരം വി. അഗസ്തിനോസ് പറയുന്നു:-പരീക്ഷയിൽ ജയിക്കുവാൻ നമുക്ക് സഹായം തന്നുകൊണ്ടു മാത്രമല്ല,അവൻ നമ്മുടെ മദ്ധ്യസ്ഥനാകയാൽ അവൻ നമുക്ക് മാതൃക കാണിക്കുക കൂടെയായിരുന്നു.

യേശുവിനുണ്ടായ പരീക്ഷകൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്വാഭാവികമായി നമുക്കുണ്ടാകാവുന്ന പരീക്ഷകളാണ്. വി. യാക്കോബ് ശ്ലീഹ പറയുന്നു,"ഓരോരുത്തൻ പരീക്ഷക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം

ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു''. (വി.യക്കോ:1:14,15). നമ്മുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, നമ്മുക്ക് ദൈവം നൽകിയിട്ടുള്ള സ്ഥാനങ്ങളും സൗഭാഗ്യങ്ങളും നമ്മുടെ സ്വാർത്ഥ താൽപര്യത്തിനുവേണ്ടി ഉപയോഗിക്കാതെയും സമ്പത്തിനും, ജീവിത സുഖസൗകര്യങ്ങൾക്കും, സ്ഥാനമാനങ്ങൾക്കും വേണ്ടി ദൈവത്തെ നിഷേധിക്കാതിരിക്കാനും,അത്തരത്തിലുള്ള ചിന്തകൾ നമ്മിൽ ഉരുവാകുമ്പോൾത്തന്നെ “”സാത്താനെ എന്നെ വിട്ടു പോ'' എന്നു പറയുവാൻ നമ്മുക്കു സാധിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ശുശ്രൂഷയിൽ,

**ഫാ.തോമസ് നെടിയപാലയ്ക്കൽ**

## Secretary



Glory to GOD.

Dear Members in Christ,
At the outset I must wish you all a Happy, Peaceful and Prosperous New Year.
It is glad to note that we have crossed our strength of registered members more than half a thousand and similar number of non registered members as well. Delivering service to all these members with the handful of committee members is literally next to impossible. To make it possible, to reach the best services to all of you, well apart from the past, it is our desire to move this year with your advice, suggestions and directions. We definitely believe that each one of you have greater ideas than what we have and what you need to do is simply communicate the same with us and thus create a more harmonic atmosphere of oneness and togetherness. .
It is also our utmost desire to have our own Church and to break the ice as I said earlier, each one of you to pray for the same every day. Because prayer is the undefeated weapon, we must use it for our success in winning our own Church.
On this occasion I solicit the prayers and cooperation of all the parishioners during the whole year for the smooth working of our congregation and may the Almighty GOD bless each one of you with peace and happiness.
Yours in Christ,
Jaison Kavumkalath.

## Vice-President



കർത്താവിൽ പ്രിയരേ,

നമ്മുടെ ദേവാലയം മുപ്പത്തിമൂന്നാം വയസിലേക്ക് കലൂന്നുകയും സൺ ഡേ സ്കൂൾ മുപ്പതാം വാർഷികം ആഘോഷിക്കുകയും ചെയ്യുന്ന ഈ വർഷത്തിൽ നമ്മുടെ ദേവാലയത്തിന്റെ ഓരോ പ്രവർത്തനത്തിലും നിങ്ങളോരോരുത്തരുടേയും കൂട്ടായ പ്രാർത്ഥനയും , ആത്മാർത്ഥമായ സഹകരണവും ഉണ്ടാവണമേയെന്ന് കർതൃനാമത്തിൽ അപേക്ഷിക്കുന്നു . അച്ചൻ എപ്പോഴും ഓർമിപ്പിക്കാറുള്ളതുപോലെ പള്ളി കമ്മറ്റി ഭരിക്കാനല്ലല്ലോ മറിച്ച് സേവിക്കനുള്ളതാണല്ലോ.
നമുക്കീ വർഷം വളരെ അധികം കാര്യങ്ങൾ ചെയ്തുതീർക്കുവാനുണ്ട്. അവ വ്യക്തമായ കാഴ്ച്ചപ്പാടോടെയും പദ്ധതികളോടെയും പൂർത്തീകരിക്കാനായി നിങ്ങളോരോരുത്തരുടേയും സഹായം വേണം. നമ്മുടെ ചിരകാല സ്വപ്നമായ സ്വന്തമായ ഒരു ദേവാലയത്തിന്റെ കാര്യത്തിൽ നമുക്ക് കൂട്ടായി ശ്രമിക്കാം. അതുപോലെ ഏരിയാ യൂണീറ്റുകൾ തുടങ്ങിയിട്ട് ഒരു വർഷം ആയിരിക്കുന്നു . അവയുടെ പ്രവർത്തനം വിലയിരുത്താൻ സമയമായി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നിങ്ങളോരോരുത്തരുടേയും ക്രിയാത്മകമായ അഭിപ്രായങ്ങൾ ക്ഷണിച്ചുകൊളുന്നു.
അങ്ങനെ നമ്മുടെ കൂട്ടായ ചിന്തയാലും പ്രവർത്തനത്താലും നമ്മുടെ ദേവാലയം കൂടുതൽ ഉന്നതിയിലേക്ക് വ്യാപിക്കട്ടേയെന്ന് ആശംസിക്കുന്നു.
വൈസ് പ്രസിഡന്റ്
ഷാജ് ബാബു



Lemma Ana Crisostum

# The Little Drops of Happiness

When you smile, and that smile reaches your eyes, then it's a REAL smile, for a moment you forget all those troubles, worries vanish, you are HAPPY, not only you, but also your near and dear ones who see you smile, that is the power of a HAPPY SMILE

Why is it that, it goes unnoticed…those little drops of happiness?

Happiness is all around you .Its just that sometimes we fail to pause and realize it. We spend most of the time either regretting about the past or anxious about the future, We seldom LIVE THE PRESENT nor do we bother to appreciate what we had in the past.

I would suggest ,we all take a paper and write down all those wonderful happenings in our lives which made us smile, laugh or even cry with laughter…now that's real joy.. 'tears of joy' roll down your cheeks when your heart is 'full' with happiness and contentment…If we write it down , then sometimes when we feel a little blue…it would be a great relief if we just go through those little happy moments and then we realize how blessed we are..!!

While writing this.. I was thinking of certain things which generally makes us all happy..,

- Like when we see a child's innocent smile
- A comedy scene which is so funny that we fall off from the chair laughing
- Cartoons : Tom and Jerry ,oh !they are maybe the funniest creatures on earth, can make a 4 yr old and 40 yr old laugh at the same time
- Some funny incidents during a family get together …we always cherish it ,time is no barrier
- A baby playing with a balloon, bursts it himself and the next thing u see is the baby bursting into tears , now how can we adults hold back a smile at that sight ? heee..heee…
- The Sunday school kiddies singing 'Happy Birthday ' ..all on the top of their voices, as if it was some competition for the loudest voice, and the best part is the head master pointing the mike at them.
- The way the seniors would run to get the chocolates first when the head master says 'kochu pillaru aadyam vaa'
- The faces of some students at the time of Sunday school exam…blank expressions waiting for a divine inspiration to be able to write something in the paper
- The Appam and Chicken curry on perunal days when everyone is together ..we do hav lots of fun, I have always wondered why some choose to take the nercha back home… because I think the main point is everyone being together and sharing the food…
- Proud moments when we win the KCEC competitions or any such competitions
- Classroom jokes
- Teacher cracks a joke, students don't get it ..And the teacher goes like oh! Come on laugh..it was a joke..!!
- The way we used to clap in between the Principal's speech, during the assembly, just to make him conclude fast.
- In College when its someone's birthday and if there is a cake you see it vanish in 2

mins…na 2 seconds..
- When your family or friends organize a surprise birthday party for you and u come to know of it in advance…heee heee….
- How happy we feel, when we come back home to have some home made or rather amma made food …tired of the hostel food.
- If its home made food everyday and you get to go to Mc Donald's …oh then its just bliss!!
- The Christmas, New year celebrations when we are all there together as a family as one…
- Its so precious a moment when we see our elderly parents/grandparents, when we are back in our mother land

Once in a while …stop all those busy activities and THINK…, think about all those precious moments of your childhood, school life, college, hostel…anything and everything that put a real smile on your face. So spare a moment to think, what made you smile… what ALL made you smile….We must not forget to live the joyful present, at this moment if you are happy ..THEN SMILE..!!....Smile, Laugh and Live life to the fullest … Be inspired, Give peace and Share your smile….

Life is a Chemistry, just DILUTE your sorrows, EVAPORATE your worries, FILTER your mistakes, BOIL your ego, and CONCENTRATE on the positives of life and then you will get the CRYSTALS OF HAPPINESS…!!! Happiness is always there…like little drops of water make an ocean….little drops of happiness fulfill our life …

Now did this article bring a smile on your face ? If YES then count this too as another Little drop of Happiness..!

Lemma Ana Crisostum



Mr. Biju Thelappilly is unanimously elected as the new coordinator of the Youth Assosiation of our church for the year 2011.We would like to congratulate him and wishing the whole team all good wishes for their future endeavors. Also we would like to appreciate last year Youth Assosiation coordinator Mr.Prageesh John Tharakan for the successful events they had arranged throughout the year 2010.

M. K. Paulose

# മഞ്ഞനിക്കരയുടെ മണിവിളക്ക് പരിശുദ്ധനായ ഏല്യാസ് ഇഗ്നാത്തിയോസ് ബാവ

ആകമാന സുറിയാനി സഭയുടെ ഭാഗമായ മലങ്കര സഭയിൽ പ്രതിസന്ധികൾ സാധാരണമായിരുന്നു!പലരീതിയിലുള്ള ഞെരുക്കങ്ങളും പീഠകളും സഭാ മക്കൾ എന്നും നേരിട്ട് കൊ l ിരുന്നു! ഈ അവസരങ്ങളിലെല്ലാം അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും അയക്കപ്പെടുന്ന പിതാക്കൻമാരുടെ അനുഗ്രഹാശിസുകൾ മലങ്കര സഭ വളരെ പ്രയോജന പ്പെടുത്തിയിട്ടു l˘.

19 ാം നൂററാ l ിന്റെ ആരംഭത്തിൽത്തന്നെ സഭയിൽ കക്ഷി പ്രശ്നം രൂപം കൊ l ു.തന്റെ മക്കൾ കഷ്ടപ്പെടുന്നു എന്ന് ക l˘ മോശമായ ആരോഗ്യ സ്ഥിതി വകവയ്ക്കാതെ മലങ്കരയിലേക്ക് നേരിട്ട് എഴുന്നെള്ളിയ മഹാ പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏല്യായാസ് തൃതിയൻ പാത്രിയർക്കീസ് ബാവയുടെ ജീവ ചരിത്രത്തിലേക്ക് നമുക്കൊന്നു എത്തി നോക്കാം.

പഴയ മെസോപ്പൊട്ടോമിയ (ഇപ്പോളത്തെ ഇറാക്ക്) രാജ്യത്തിൽ മർദീൻ പട്ടണത്തിൽ അതിശ്രേഷ്ഠമായ ഷാക്കീർ കുടുംബത്തിൽ 1867 തുലാ മാസത്തിലാണ് കഥാനായകൻ ഭൂജാതനായത്. സുറിയാനി സഭയിലെ ശ്രേഷ്ഠ വൈദീകനായിരുന്ന വന്ദ്യ ഏബ്രഹാം കോർ എപ്പിസ്കോപ്പയും, മറിയവുമായിരുന്നു മാതാപിതാക്കൾ.നാസർ എന്ന പേരിലാണ് ബാല്യത്തിൽ അറിയപ്പെട്ടിരുന്നത്.

തികഞ്ഞ ദൈവ ഭക്തിയിൽ വളർന്നു വന്ന നാസർ കുർബ്ബാന ആരാധനാ കാര്യങ്ങളിൽ സംബന്ധിയ്ക്കുവാൻ വളരെ ഉത്സാഹം കാണിച്ചിരുന്നു! തന്റെ 20–ാംത്തെ വയസ്സിൽ ശെമ്മാശപ്പട്ടവും 22–ാംത്തെ വയസ്സിൽ റമ്പാൻ സ്വീകരിച്ചു. പരി.പിതാവ് തന്റെ 25–ാമത്തെ വയസ്സിൽ "ഏലിയാസ്" എന്ന പേരിൽ കശ്ശീശ പട്ടം ഏററു.

നോമ്പ്, പ്രാർത്ഥന എന്നിവയിൽ മുഴുകി ജീവിച്ച ഏലിയാസ് കശ്ശീശയുടെ ഇമ്പകരമായ ആരാധന കൊ l ും,ആകർഷകമായ പെരുമാററം കൊ l ും ഇതിനോടകം തന്നെ ആളുകളുടെ ഹൃദയം കൈയ്യടക്കി.41–ാമത്തെ വയസ്സിൽ ഏലിയാസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായ ശേഷം നാനാ പ്രദേശങ്ങളിലും ആരാധനാലയങ്ങൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ തീർക്കുന്നതിൽ കൂടുതൽ ശ്രദ്ധിയ്ക്കുവാൻ തുടങ്ങി! ആതുരസേവന രംഗത്തും പരി. പിതാവ് ഏറെ സംഭാവനകൾ ചെയ്തിട്ടു l˘!മൂസലിൽ ഒരു വിദ്യാലയം പ ണിതുകൊ l ിരുന്നപ്പോൾ കെട്ടിടം ഇടിഞ്ഞു വീണ് പിതാവിന്റെ ഒരു കൈ ഒഴികെ ബാക്കി എല്ലാം കെട്ടിടത്തിനകത്തായി.ദൈവത്തിന്റെ കരുതൽ ഒന്നുകൊ l ു മാത്രം പരി.പിതാവ് ഒരു പോറൽപോലും ഏല്ക്കാതെ അതിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു.

1917 കുംബമാസത്തിൽ മോറാൻ മോർ ഇഗ്നാത്തിയോസ് ഏല്യാസ് തൃതിയൻ ബാവ അന്ത്യോഖ്യാ പാത്രിയക്കീസായി വാഴിക്കപ്പെട്ടതു മുതൽ ലോകമെങ്ങും പരി. പിതാവിന്റെ കീർത്തി പരന്നു വന്നു! അന്ത്യോഖ്യാ ഉൾപ്പെട്ടിരുന്ന തുർക്കി രാജ്യത്തിന്റെ അന്നത്തെ സുൽത്താൻ സ്വർണ്ണ മെഡൽ നൽകി പരി.പിതാവിനെ ആദരിച്ചു! അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണിരുന്ന പരി.ബാവ ഇക്കാലഘട്ടത്തിൽ മലങ്കര സഭയിൽ കലഹം മൂലം തന്റെ മക്കൾ വളരെ വിഷമിയ്ക്കുന്നു എന്നറിഞ്ഞു് ഏറെ ദുഃഖിതനായി.വളരെ മോശമായ ആരോഗ്യ സ്ഥിതി കണക്കിലെടുക്കാതെ ഡോക്ടർമാരുടെ എതിർപ്പുകളെ അവഗണിചുകൊ l˘ തന്റെ മക്കളുടെ അടുക്കലേയ്ക്കു പോകുവാൻ പിതാവ് തീരുമാനിച്ചു. പ്രാണനുതുല്ല്യം സ്നേഹിച്ചിരുന്ന സഹോദരിയേയും, ബന്ധുക്കളേയും, മററുള്ളവരേയും വിട്ട് കപ്പൽ മാർഗ്ഗം ഇന്ത്യയിലേയ്ക്കു തിരിച്ചു!

1931 മീനം 8–ന് ആലുവായിൽ എത്തിചേർന്ന പിതാവിനെ അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പരിശുദ്ധനായ പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനിയും പരിവാരങ്ങളും ചേർന്നു രാജകീയ സ്വീകരണം നല്കി വരവേററു! ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ പരി.വലിയ തിരുമേനിയുടെ അതിഥിയായി താമസിച്ച് പരി.ബാവ സഭാ കാര്യങ്ങൾ മനസ്സിലാക്കി, കുറുപ്പുംപടി, കരിങ്ങാച്ചിറ, മലേകുരിശ് കൂടാതെ ക I നാട്, കൊച്ചി, കോട്ടയം, നിരണം,തുമ്പമൺ, ക്നാനായ ഭദ്രാസനത്തിലെ അനേക പള്ളികൾ സന്ദർശിച്ച് സഭാ മക്കളെ അന്ത്യോഖ്യാ സിംഹാസന ഭക്തിയിൽ ഉറപ്പിച്ചു,അനുഗ്രഹങ്ങൾ നൽകിപ്പോന്നു.

വലിയ നോമ്പിന്റെ അവസാനത്തിൽ കരിങ്ങാച്ചിറ പള്ളിയിൽ താമസിയ്ക്കുകയും പരി. പിതവിന്റെ തൃക്കൈ കൊ Iˇ വി. കാൽ കഴുകൽ ശുശ്രൂഷ നടത്തുകയും ചെയ്തു. ഈ സമയത്തു I ായ ഒരു സംഭവം പറഞ്ഞു കേട്ടിട്ടു Iˇ, കഠിനമായ പല്ലു വേദന കൊ Iˇ വലഞ്ഞ പരി.ബാവയുടെ പല്ല് പള്ളി മാളികയി വച്ചു ഒരു ഡോക്ടർ എടുക്കുകയും വലിയ പ്രാധാന്യം കൊടുക്കാതെ ആ പല്ലിനെ അവഗണിയ്ക്കുകയും ചെയ്തു. ഇതു ക I ുനിന്ന ഒരു ഭക്തൻ ആ പല്ല് എടുത്ത് സൂക്ഷിയ്ക്കുകയും,അതിനെ വളരെ വിശുദ്ധമായി കരുതുകയും ചെയ്തു. പുത്തൻകുരിശിനടുത്ത് വേളൂർ മൗ Iˇ സഖായ് സെ.ജോർജ്ജ് പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ആ തിരുശേഷിപ്പിൽ നിന്നും അനേക നാനാജാതി മതസ്ഥർ അനുഗ്രഹങ്ങൾ പ്രാപിച്ചു വരുന്നു.

പരി.ബാവായുടെ സമാധാന ശ്രമങ്ങൾ നടന്നു കൊ Iിരിക്കെത്തന്നെ മറുപക്ഷം പല രീതിയിലുള്ള തന്ത്രങ്ങൾ മെനഞ്ഞ് പരി.ബാവയുടെ ലക്ഷ്യത്തെ വിഫലമാക്കാൻ ശ്രമിച്ചു കൊ Iിരുന്നു! തന്റെ ശ്രമങ്ങൾ ലക്ഷ്യത്തിലെത്തുന്നില്ല എന്നു മനസ്സിലാക്കിയ പരി. ബാവ ഏറെ ദുഃഖിതനായി,രോഗം മൂർച്ഛിച്ച ബാവ 1932 ഫെബ്രുവരി 12–ന് മഞ്ഞനിക്കര പള്ളിയിൽ വച്ച് കാലം ചെയ്തു.പിറേറ ദിവസം ഇലവിനാമണ്ണിൽ വന്ദ്യാ കുരിയാക്കോസ് കശ്ശീശായുടെ പരിശ്രമഫലമായി സ്ഥാപിതമായ ദയറാപ്പള്ളിയിൽ കബറടക്കി.

അനേകം പേർക്ക് ആശ്വാസദായകമായ ആ പുണ്യ കബറിടത്തിലേയ്ക്കുള്ള തീർത്ഥയാത്ര ഇന്ന് ലോകത്തിലെ ഒന്നമത്തെ കാൽനട തീർത്ഥയാത്രയായി വിളങ്ങുന്നു.മാമോദീസ സമയത്ത് പരി.പിതാവിന്റെ പേരായ ഏല്യാസ് എന്ന പേര് തന്റെ ആൺ മക്കൾക്ക് ഇടുന്ന മാതാപിതാക്കൾ അനേകരാണ്. ജീവിച്ചിരിക്കെ തന്നെ ഒരു വിശുദ്ധനായി ജനം അംഗീകരിച്ചിരുന്ന പരി. ബാവയുടെ നാമത്തിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നവർ ദിവസേന വർദ്ധിച്ചു വരുന്നു! പരി.പിതാവ് കബറടങ്ങി 2 വർഷത്തികം വാപ്പലശ്ശേരി മോർ ഇഗ്നാത്തിയോസ് പള്ളി,കരിമുഗൾ മോർ ഇഗ്നാത്തിയോസ് ചാപ്പൽ എന്നീ ദേവാലയങ്ങൾ സ്ഥാപിതമായി, ഇന്ന് പരി.ബാവയുടെ നാമത്തിലുള്ള ദേവാലയങ്ങൾ ഏറെയാണ്!

ഈ വർഷം ഫെബ്രുവരി 12–ന് ശനിയാഴ്ച്ച പരിശുദ്ധന്റെ പെരുന്നാൾ മഞ്ഞനിക്കരയിൽ വളരെ ഭംഗിയായി നടത്തുവാൻ തീരുമാനിച്ച് തയ്യാറെടുപ്പുകൾ നടന്ന് വരുന്നു! 7–ാം തിയതി മലബാറിൽ നിന്നും ആരംഭിയ്ക്കുന്ന കാൽനട തീർത്ഥയാത്രയ്ക്ക് 11–ാം തീയതി വൈകിട്ട് മഞ്ഞനിക്കരയിൽ അഭി.പിതാക്കൻമാരുടെ നേതൃത്ത്വത്തിൽ സ്വീകരിച്ച് പെരുന്നാൾ ചടങ്ങുകൾ മോടിയാക്കുന്നു.

നമ്മുടെ പള്ളിയിലും എല്ലാവർഷവും പെരുന്നാൾ ഗംഭീരമായി കൊാടുന്നുല്ലോ?അതു ഒരു വലിയ അനുഗ്രഹമായി അനേകം പേർ ഓഹരികൾ നേർച്ചകാഴ്ചകളോടെ പെരുന്നാളിൽ സംബന്ധിച്ചു പോരുന്നു! മോറാന്റെ പ്രർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!!!!

**എം.കെ.പൗലോസ്.**

# Favours Received



Ann Jeepa Shaj
Ethan Shaj Kochakkan



Achenkunju v.j & Family




Diya & Deo Saji



Eldo C. Abraham
&
Family



# Are You Bible Literate?
# Bible Crossword #2 (February 2011)



Leela Alexander

**ACROSS**

**5** Who was Timothy's grandmother?
**7** Who was the eldest son of Jacob?
**8** Who was David's great grandmother?
**9** Who was the eldest son of Aaron?
**10** Who was the eldest son of Adam?
**12** Who was the eldest son of Judah?
**13** Who was the eldest son of Joseph?

**DOWN**

**1** Who was Absalom's grandfather?
**2** Who was the eldest son of Moses?
**3** Who was the eldest son of Cush?
**4** Who was the eldest son of Saul?
**6** Who was Mehibosheth's grandfather?
**9** Who was king Saul's grandfather?
**11** Who was Methuselah's grandson?
**12** Who was the eldest son of Isaac?

This is the second in the series of Bible crossword puzzles for 2011. All the clues are about grandfathers, grandmothers and eldest sons mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please use King James version of the Bible. Deposit your answers in the box near the door to the church as soon as possible, within 7 days after the release of the newsletter.

This contest is open to all; Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is ocalexleela@gmail.com

Useful references: Genesis 4, 1Chronicle 8, Genesis 29, 2Kings 8, Genesis 25, Joshua17, Exodus 2, Genesis10, 2Samuel 13, 2Timothy 1, Exodus 6,1Samuel 14, Genesis 38, 2Samuel 9, Ruth 4,

## Winners of Bible Crossword January 2011

1. Abram Biji
2. Acsah Elezabeth Abraham
3. Aibel Rejan Varghese
4. Akhil Basil Paulose
5. Akhil C Sunil
6. Alan Abraham
7. Amal C Sunil
8. Angel Ann Joshua
9. Anju Paulose
10. Ann Biji
11. Ann Jeepa Shaj
12. Ashik James
13. Ashley Shaju
14. Athira Sabu
15. Basil P jayan
16. Chithira Sabu
17. Christin Paul
18. Christy Mary Thomas
19. Diya Ann Kuriakose
20. Elaine Agith
21. Elna Achu James
22. Elsa Maria Thomas
23. Flemy P Eby
24. George K Laji
25. Jackson Jerom James
26. Jeeba C Biju
27. Jevin Varghese
28. Jibu Joseph Biju
29. Joshin Joseph
30. Johann Agith
31. Joseph Sabu
32. Joshin Joseph
33. Kamal Baby Paul
34. Krupa Susan Thomas
35. Lian Gijo
36. Mahal Mani Ulahannan
37. Manuvel Benny
38. Mathew Roy
39. Merin Mary Basil
40. Merlin Mary Basil
41. Milan Mani Mathew
42. Oommen Kuriakose
43. Priya Benny
44. Ria Mariam
45. Samuel BennSara Kuruvilla
46. Sara Laji
47. Sara Achu Joseph
48. Sharon Paul
49. Sherin Susan Isaac
50. Shruti Ann Isaac
51. Sian Gijo
52. Smruti Saju
53. Sneha Elsa Kuruvilla
54. Sofia Paul
55. Sonu Daniel Sam
56. Sruthy Saju
57. Tania Rachel Anson
58. Tinu Daniel Sam
59. Thomas Sabu

Congratulations..........

Poulson P. V

## നേർച്ചകൾ

വന്ദ്യ ഫിനഹാസ് റമ്പാൻ ദയറായോ നാസീഹോ. (വിശിഷ്ടനായ സന്ന്യാസി).
നിങ്ങളുടെ ദൈവമായ കർത്താവിന് നേരുകയും നിവൃത്തിക്കുകയും ചെയ്‌വിൻ. വി:സങ്കീർത്തനങ്ങൾ 76:11

നേർച്ചകൾ എന്നു പറഞ്ഞാൽ നാം ദൈവ തിരുമുമ്പാകെ സമർപ്പിക്കുന്ന വഴിപാടുകൾ ആണ്. ഇവ പലവിധങ്ങളാണ്. എന്നാലും ഇവയെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

1-പിതാക്കൻമാരുടേയും പൂർവികരുടേയും തെറ്റുക്കുറ്റങ്ങൾ ദൈവം ക്ഷമിച്ചും വാങ്ങിപ്പോയവരുടെയും ജീവിക്കുന്ന തലമുറയുടെയുംമേൽ ദൈവം അനുഗ്രഹിക്കുന്നതിനുമുള്ള നേർച്ച വഴിപാടുകൾ.

2-തന്റെ ജീവിതത്തിൽ വൈഷമ്യങ്ങൾ ഒന്നും കൂടാതെ ദൈവം സന്നിധിയിലേക്കു ന യിക്കുന്നുവെങ്കിൽ അതിനു മുമ്പുകൂട്ടി നേർന്നു സമർപ്പിക്കുന്ന വഴിപാടുകൾ.

3-മാനുഷീക ബുദ്ധിക്കു അസാധ്യമെങ്കിലും ദൈവം അത്ഭുത കൃപ തന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിവ്രത്തിക്കുന്നുവെങ്കിൽ അതിനുള്ള വഴിപാടുകൾ.
ഇവയിൽ ഓരോന്നിനെക്കുറിച്ചും ചുരുക്കമായി ചിന്തിക്കാം.

1-പിതാക്കൻമാരുടേയും പൂർവികരുടേയും....
കായേനും ഹാബേലും വഴിപാട് കൊ l ുവന്ന സംഭവം ഉല്പത്തി നാലാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ഇതു മാതപിതക്കൻമാരുടെ ആജ്ഞയനുസരിച്ചത്രേ അവർ ചെയ്തത്. കൃഷിക്കരനായ കായേൻ തന്റെ കൃഷിഫലത്തിൽ നിന്നും വഴിപാട് ദൈവത്തിനു കൊ l ുവന്നു. ആ സംഗതിയിൽ തന്റെ കൃഷിഫലത്തിൽ ഏറ്റവും നല്ലതിനെ ദൈവതിരുമുമ്പാകെ ഭക്തിയാദരവുകളോടെ കൊ l ുവന്നതായി നാം വായിക്കുന്നില്ല. എന്നാൽ ആട്ടിടയനായ ഹാബേൽ തന്റെ ആട്ടിൻ കൂട്ടത്തിൽ ഏറ്റവും നല്ലതിനെ തെരെഞ്ഞെടുത്ത് അതിനെ ദൈവത്തിനു ബലിയായ് കൊടുത്തു മാത്രമല്ല ഈ വഴിപ ാട് സമർപ്പിക്കുമ്പോൾ ഹാബേൽ ഹൃദയപൂർവ്വം ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്തു. ദൈവമായ കർത്താവെ പൊടിയിൽ നിന്നും ആദാമിനെ മെനഞ്ഞുാക്കിയ ദൈവമേ പ റുദീസായിൽ അവന് സംഭവിച്ച ഭോഷത്വത്തെ അവനോട് ഓർക്കുമാറാകരുതെ. ഇപ്ര കാരം ഭക്ത്യാദരപൂർവ്വം പിതാക്കൻമാരുടെ പാപങ്ങൾ ക്ഷമിക്കുവാൻ വേ l ി ഹാബേൽ ബലി സമർപ്പിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നും അഗ്നിയിറങ്ങി ബലിയെ ഭക്ഷിച്ചു. എന്നാൽ കായേന്റെ കൃഷിഫലത്തിന് ഇപ്രകാരം യാതോരു ദൈവപ്രസാദവും ലഭിച്ചില്ല. ഹാബേ ലിൻ കുഞ്ഞാടും.... എന്ന ഗീതം പാടിയാണ് ഹാബേലിന്റെ ഹൃദയപൂർവ്വമായ ബ ലിയെപോലെ ഞങ്ങളുടെ നേർച്ച കാഴ്ച്ചകളേയും മറ്റും സ്വീകരിക്കേണമെ എന്ന് പ്ര ാർത്ഥിച്ചുകൊ l ാണ് ഇപ്പോഴും വി:കുർബ്ബാനയിൽ സംബന്ധിക്കുവാൻ ഒരുങ്ങുന്നത്.

ര l ാമത്തേത് ഗോത്ര പിതാവായ യാക്കോബിന്റെ നേർച്ചയാകുന്നു. പൂർവ്വീകരുടെ പ

തിവനുസരിച്ചു സ്വത്ത് പങ്കിടുമ്പോൾ എറ്റവും മൂത്തപുത്രന് മറ്റുള്ളവരുടെ ഇരട്ടി പങ്ക് നൽകുമയിരുന്നു. അതായത് 2 മക്കൾ ഉങ്കെിൽ പിതാവിന്റെ സ്വത്ത് മൂന്നായി പങ്കിട്ട് രണ്ട് പങ്ക് മൂത്തവനും ഒരു പങ്ക് ഇളയവനും നൽകും. നാല് മക്കൾ ഉണ്ടെങ്കിൽ അഞ്ചായി പങ്കിട്ട് രണ്ട് പങ്ക് മൂത്തവന് നൽകും. ഇരട്ട പ്രസവിച്ചവരിൽ ആദ്യം ജനിച്ചത് എശാവ് ആകയാൽ അവന് രണ്ട് പങ്കും യാക്കോബിന് ഒരു പങ്കുമാണ് ലഭിക്കേത് എന്നാൽ യാക്കോബ് എശാവെന്ന് ഭാവിച്ച് മൂത്ത പുത്രനുള്ള അനുഗ്രഹങ്ങൾ പിതാവിൽ നിന്നും വാങ്ങി എശാവ് ഇതു കേട്ടപ്പോൾ യാക്കോബിനെ കൊല്ലുമെന്ന് പറഞ്ഞു സാധുശീലനായ യാക്കോബ് എശാവിന്റെ കോപത്തേയും സങ്കടത്തേയും മാനിച്ച് തനിക്കു ന്യായമായി ലഭിക്കേണ്ട ഒരു പങ്കുപോലും എടുക്കാതെ മാതാവിന്റെ ഭവനത്തിലേക്കു പോയി. വഴിയിൽ വച്ച് അവന് ദൈവീക ദർശനമുായി. ദൈവം അവനോടുകൂടെയുണ്ട് എന്നരുളിചെയ്തു. തന്നെ ദൈവം സമ്മൃദ്ധിയിലേക്കു കൊണ്ടുവരുന്നുവെങ്കിൽ ദൈവം നൽകുന്ന സകലത്തിലും താൻ ദൈവത്തിന് ദശാംശം വഴിപാടായി സമർപ്പിക്കുമെന്ന് യാക്കോബ് അവിടെ വച്ച് നേർന്നു ഇത് രണ്ടാമത്തെ വിധത്തിലുള്ള നേർച്ച് വഴിപാട്. (ഉല്പത്തി 27, 28 അധ്യായങ്ങൾ, 32:10..)

തുടരും ......

# Happy Birthday



**Angel Merry Reji**

**5th Happy Birthday**

**03-02-2011**



**Basil Prince**

**5th Happy Birthday**

**05-02-2011**

*Happy Married Life*

*It brings the promise of a lifetime,*

*to sail away with the loved one..........*

*to the end of the world*

*Ajith*

*Vatsala*



*Beautiful Moments*

**Ajith Alexander & Vatsala Ajith**

**3rd January 2011**

**Vatsala is a Member of C S I Divya Shanthi Church Bangalore**

## Binoy & Ansa

WEDDING

16 - 01 - 2011



Ansa is a Member of St.mary's Jacobite Syrian Cathedral
Manarcad, Kottayam

New Life



Jovan & Sumam

Wedding

Sumam is a Member of Immanuel Marthoma Church
Eraviperoor, Thiruvalla


27 - 12 - 2010





ക്വസ്സ് നമ്പർ – 1,(2011)

വെളിപ്പാട് (1 – 14)




1. ആദ്യ സ്നേഹം വിട്ടുകളഞ്ഞ സഭ ഏത്?
2. യോഹന്നാൻ കണ്ട സിംഹാസനത്തിന്റെ മുമ്പിലുള്ള കടൽ എങ്ങനെയുള്ളതായിരുന്നു?
3. യോഹന്നാൻ കണ്ട രണ്ടു സാക്ഷികൾ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ഉണ്ടായ ഭൂകമ്പത്തിൽ മരിച്ചവരെത്ര?
4. ഏതു സഭയാണ് ദൈവ വചനം കാത്തു സൂക്ഷിച്ചത്?
5. യോഹന്നാൻ കണ്ട ഏഴു നിലവിളക്ക് എന്തിനെ സൂചിപ്പിയ്ക്കുന്നു?
6. ആകാശത്തിൽ നിന്ന് വീണ മഹാനക്ഷത്രത്തിന്റെ പേരെന്ത്?
7. സാത്താന്റെ സിംഹാസനം ഉള്ളേടത്തു പാർത്ത സഭ ഏത്?
8. എത്രാമത്തെ മുദ്ര പൊട്ടിച്ചപ്പോഴാണ് ഭൂകമ്പം ഉണ്ടായത്?
9. ഏതു നദീ തീരത്താണ് നാല് ദൂതൻമാരെ ബന്ധിച്ചിരുന്നത്?
10. ജീവനുള്ളവൻ എന്നു പേർ ഉണ്ടെങ്കിലും മരിച്ചവനാകുന്നു, ഏതു സഭ?
11. ദൂതന്റെ കൈയ്യിൽ നിന്ന് യോഹന്നാൻ ചെറു പുസ്തകം വാങ്ങി തിന്നപ്പോൾ എന്തനുഭവമാണുണ്ടായത്?
12. ഈസബേൽ എന്ന ദുർന്നടപ്പുകാരിയായ പ്രവാചകി ഏത് സഭയിൽ ആയിരുന്നു?
13. യിസ്രായേൽ മക്കളുടെ സകല ഗോത്രത്തിലും മുദ്രയേററവരെത്ര?
14. ജയിയ്ക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിയ്ക്കുവാൻ വരം നൽകും. ഏതു സഭയോടാണ് ഇതു പറഞ്ഞത്?
15. ഭൂവാസികൾക്കു കഷ്ടം,കഷ്ടം,കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു പറന്ന പക്ഷി ഏത്?

**Usha Achankunju.**







## H.G KURIAKOSE MOR OUSEBIOUS HOSTED FLAG MARKING THE BEGINNING OF THE TRIKKUNATH STMARY'S JSO CHURCH PERUNNAL

Honorable High Court of Kerala ordered to handover the keys of Thrikkunnath St. Mary's Jacobite Syrian Orthodox Church to Ernakulam District Authorities. Main doors of the Church will be keep opened and faithful will be allowed to offer their prayer from outside facing the Holy Altar. But entry to the church will be restricted due to the bad shape of the church as the renovation work has not happened for long time. Senior Counsel for Orthodox Faction argued for keeping the Church closed whereas the Jacobite Church lawyers wanted it to be kept open not only for prayers but also Holy Mass during the timings allotted to them on 25th and 26th of january 2011.

Catholicose and other metropolitans are allowed to enter the tombs area and offer prayers and incenses.



## ഫാ.വർഗീസ് വാലയിലിന് കോർ എപ്പിസ്കോപ്പ സ്ഥാനം

കുന്നക്കുരുടി സെന്റ് ജോർജ് യാക്കോബായ പള്ളി ഇടവക അംഗമായ ഫാ. വർഗീസ് വാലയിലിന് കോർ എപ്പിസ്കോപ്പ സ്ഥാനം നൽകി. വെങ്ങോല മാർ ബഹനാം പള്ളി വികാരി യാണ് ഫാ.വർഗീസ് വാലയിൽ.ജനുവരി മൂന്നിന് രാവിലെ ഏഴിന് പുത്തൻകുരിശ് പാത്രിയർക്ക സെന്ററിൽ ശ്രേഷ്ഠ കാ തോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ സ്ഥാനാ രോഹണത്തിന് കാർമികത്വം വഹിച്ചു.

സെന്റ് പോൾസ് പ്രയർ ഫെല്ലോഷിപ്പിന്റെ വർക്കിങ് പ്രസിഡന്റ്, സഭയുടെ സെന്റ തോമസ് ചാരിററബിൾ ട്രസ്റ്റ് സെക്രട്ടറി, ഡയറക്ടർ, പട്ടിമററം മാർ ഡയനേഷ്യസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിയ്ക്കുന്നു.
കോർ എപ്പിസ്കോപ്പ സ്ഥാനം ലഭിച്ച ഫാ.വർഗീസ് വാലയിലിന്(മുൻ വികാരി St. peter's J.S.O church) എല്ലാവിധ ആശംസകളും നേരുന്നു.

News

# Favours Received



Lena & Nayana Roby Kalayil



Prince & Family



Jaison & Family



Poulson & Family



Merlin Alex

# THE PRIVILEGE AND POWER OF PRAYER

Most of us are familiar with the word 'Phone home!".May be you heard it from your parents and they want to hear from their children, because they love them. God also wants to hear from His children because He loves us.

What is prayer? It is speaking and conversing with our Creator. Everyone can do it and should do it. Prayer is effective. Our Lord is never asleep or too busy to listen. We have unlimited free minutes and hours to call Him. In John chapter 1, it says that even though Jesus Christ was God in the flesh, he knew the importance of praying to our heavenly father. If Jesus Christ needed help from His heavenly Father, how much more do we!. In Luke chapter 11, Jesus' disciples said "Lord, teach us to pray".

Anyone can begin to pray even before he has learned anything about prayer. God hears the simplest of prayers. Jesus said; 'Ask, and it will be given to you; seek , and you will find ; knock, and it will be opened to you'. We should talk to God as our Father. He wants us to come to Him as a beloved parent. We should do our part to continue get answers for our prayers. That is to read the Bible, obey what it says and learn to love God.

God certainly "hears" silent prayers. Most of us are busy and we are in lack of time to pray. We will earn more things in life when we put God first. So there shouldn't be any excuses to pray, we should do it as a daily habit. We always ask for our needs and wants. In our prayers, make sure to take time to thank God for the many ways He has blessed us in our life. And take time to pray for others.

So let's take a decision to walk with God, obey Him and talk with Him in prayer especially in the beginning of a new year. Therefore we can stay in touch with our Father and our elder Brother, Jesus Christ, until His second coming. I assure you all to consider prayer as a key to communication with God. God bless us all.

# Christmas & Newyear Celebration

Christmas & Newyear Celebration













## X' Mass Tree Competition



1st Price ( Bethel )



2nd Price ( Tabor & Bethani )

**Nercha preparation on the memorial feast of**



Thomas Mor Theophilos



Michael Mor Deevannasios





Paulose Mor Athanasios



**Warm farewell wishes**
**to**
**Jinny K. Johny & Family**
**Ajay K Alex**
**&**
**Benny Thomas**

**പരിശുദ്ധനായ പൗലൊസ് മോർ അത്താനാസിയോസിന്റെ ഓർമാ ഏറ്റുകഴിച്ചവർ**



Ann Jeepa Shaj,Abel & Basil Prince
Achenkunju &fly, Alex john & fly,Anal ligy,
Bisha Paul, Cherian. M. M,
Cherian. P. M, Denny Elias, Diya &Deo,
Don Sabu,Eldo.K.K &fly,Geo & Niya,
Gigomon Mathew, Issac George Thombra
& fly, Jacob. E. U & fly, Jaison & Fly,
Kuriakose. M. A & fly, Ninan Varkey,
Paul Varghese & fly, Reji varghese & fly,
Roy Mathai &fly
Santhosh Andrews issac &fly,Sara Oomen
Kuriakose and Vinod Varghese Kurian

The cottage prayer meeting for the month of february will be held at the residence of Aigi.A.george on 18th (friday) at 7.30 pm
Address Flat -1,Bldg-2812,Road-2172,Jidali
ph.17681701,39208104

## Condolence

**"Grief is exhausting. Rest and remember to feed your soul."**

Our heartfelt condolences with prayers to **Mr. Anson p Issac** & family on the sad demise of their Grand Father.
Our heartfelt condolences with prayers to Mr. **Binu M Varghese** & family on the sad demise of their Father in law

## New Member



Ajish Mamachan (A053) Mob. : 39360730
Address
in Bahrain: flat no.2, Bldg no 647, road no 1122
block no 311, Area Salmaniya
in India: Thekkedathu Green Villa, mulavana p.o
Kundra,kollam,Kerala
Ph. 0474-2526784
Diocese - Kollam





## Can’t We Avoid Hurtful Talk?

Leela Alexander

We humans can communicate using words, spoken or written; something that other animals cannot. Parents, you all know how happy you were when your little baby called out “appa” or “amma” for the first time. From then, your child learned words from parents, family, school and the society. Perhaps you taped their baby-talk and it is still great joy and fun to hear it again after all these years.

But as we grow into adulthood, how we choose to use our ability to verbally communicate becomes critical. ‘Words have the power to build or break down, and their effect can linger for years, even an entire lifetime.’ There is always someone you know who is perpetually finding fault with every thing they see. You are surprised by how they always manage to single out a small fault from a wonderful event that everybody enjoyed.

At the same time, it is even more surprising to see how some people can convey an idea of correction so amicably. Our vice principal at St. Xavier’s school where I used to work was particularly good at doing this. If one of us teachers was late to sign the daily register, he would say “Good morning, you are very early for tomorrow, what happened?” That would make us laugh with him, but we would never come in late again.

His tactic worked remarkably well with children too. It was difficult to stop a few small children from picking flowers in the school garden. “If you pick all the flowers, butterflies won’t come to our garden…” he would say. That worked! The little kids understood that so much better than being shouted at for picking flowers. Taking that extra bit of effort to carefully frame our words and sentences when we speak makes all the difference between bitterly hurting someone and making them happy to take your words to heart.

As the saying goes ‘Two things never return, an arrow left from the bow and words said from the mouth.’

In Matthew 15:1, Jesus says ‘What goes into a man’s mouth does not make him unclean, but what comes out of his mouth, that is what makes him unclean.’

Out of jealousy, or sometimes just to get even, we end up making false statements about people that could damage their reputation. Do we really have to discuss the most intimate details about someone just to be able to tell an entertaining story? Consider the impact of what you're about to say about someone before you say it. Lies damage relationships and break trust. In Psalms 141: 3, the Psalmist prays 'Set a watch, O Lord, before my mouth, keep the door of my lips.'

We feel at ease with people who talk in a gentle peaceful way. So become that person everyone loves to talk to!
* * * * * * * * * * *



Dear Brothers &Sisters in Christ...

With profound gratitude I bow before the God Almighty for the blessings showered upon us since the very beginning of our Parish on this Island. "We are in a pilgrimage to the Kingdom of Heaven" and therefore, our pilgrimage is now passing through this beautiful Island - the Kingdom of Bahrain. Remember it is a short journey. Each day, takes us to nearer to our final destination.
On behalf of the parish, I am pleased to submit the first issue of the year 2011 to all our brethren. Of course it is too small, but we tried our best to cover up all activities of our Parish and our church to a large extent.
I would request your whole-hearted co-operation with your valuable prayers and support so that we will work together for our monthly bulletin. Please feel free to forward your articles and valuable suggestions to

"EMAIL ID". bulletin2011@gmail.com

Yours,
Prageesh John Tharakan
Bulletin co-ordinator